**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477** **08-10-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികളിലെ നിബന്ധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മിക്ക കേന്ദ്രാവിഷ്കൃത പദ്ധതികളിലും വലിയ തുക ചെലവഴിക്കുന്നത് സംസ്ഥാനങ്ങളാണെന്നിരിക്കെ തുച്ഛമായ കേന്ദ്ര വിഹിതം ലഭിക്കുന്നതിന് വലിയ നിബന്ധനകൾ കേന്ദ്രം മുന്നോട്ടുവെയ്ക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ചുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാവുമോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റം. നിലവിലുള്ള പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന അനുപാതം, 25:75, 33.33:66.67, 50:50, 60:40, 75:25, 80:20 & 100:0 എന്നിങ്ങനെയാണ്. PFMS ലെ റിപ്പോർട്ട് പ്രകാരം State Linked Scheme-ന്റെ കേന്ദ്ര-സംസ്ഥാന അനുപാതം ചുവടെയുള്ള പട്ടികയിൽ കണ്ടാലും. |

| **ക്രമ നം.** | **കേന്ദ്ര-സംസ്ഥാന അനുപാതം** | **SLS ന്റെ എണ്ണം** |
|---|---|---|
| 1 | 25:75 | 1 |
| 2 | 33.33:66.67 | 1 |
| 3 | 50:50 | 21 |
| 4 | 60:40 | 118 |
| 5 | 75:25 | 3 |
| 6 | 80:20 | 2 |
| 7 | 100:0 | 49 |

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്ര വിഹിതം ലഭിക്കുന്ന 'കോർ ഓഫ് ദി കോർ' പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ

സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. 'കോർ' എന്ന ഗണത്തിലെ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസന-ക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും. കേന്ദ്രാവിഷ്കൃത പദ്ധികൾക്കുള്ള കേന്ദ്രവിഹിതം കുറയ്ക്കുന്ന നിലപാട് സമീപകാലത്ത് കേന്ദ്രം സ്വീകരിച്ച് വരുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി മൂലധന നിക്ഷേപങ്ങൾക്ക് കേന്ദ്ര സർക്കാർ പലിശ രഹിത വായ്പയിലൂടെ അനുവദിക്കുന്ന പ്രത്യേക സഹായ പദ്ധതിയുടെ ഭാഗം-1 ന് 2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 1925 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ ഭാഗം-1 ൽ 1059 കോടി രൂപ കേന്ദ്രം വകയിരുത്തിയിട്ടുണ്ട്. എന്നാൽ, Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പൂർണ്ണമായും പാലിക്കാത്ത സാഹചര്യത്തിൽ, നടപ്പ് സാമ്പത്തിക വർഷത്തെ 1059 കോടി രൂപ നാളിതുവരെയും റിലീസ് ചെയ്ത് നൽകിയിട്ടില്ല. ഇതിനു പുറമെ Branding/naming കാരണമുയർത്തി NHM പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 636.88 കോടി രൂപ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നില്ല. എന്നാൽ, NHM പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ, നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ടി പദ്ധതിയ്ക്കായി നാളിതുവരെ ആകെ 240.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പി. എം. ശ്രീ. പദ്ധതി-യുടെ ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര ശിക്ഷാ കേരളം എന്ന

| | | | |
|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കേന്ദ്ര-വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്ര വിഹിതം ഇതുവരെയും അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, സംസ്ഥാന വിഹിതമായ 98 കോടി രൂപ മുൻകൂറായി ടി പദ്ധതിയുടെ എസ്.എൻ.എ. അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.<br><br>കേന്ദ്ര വിഹിതം ലഭിക്കുന്നതിന് വലിയ നിബന്ധനകൾ കേന്ദ്രം മുന്നോട്ട് വെയ്ക്കുന്നു എന്ന കാര്യം പരിഹരിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ചുള്ള പ്രവർത്തനപരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ